പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1622 | 13.06.2014 ൽ മറുപടിയ്ക്ക് |
| --- | --- |
| **അംഗൻവാടികൾക്ക് കെട്ടിടം** | |
| ചോദ്യം | ഉത്തരം |
| ശ്രീ. വി. ചെന്താമരാക്ഷൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾക്ക് പുതിയ കെട്ടിടവും , ബലക്ഷയം വന്ന കെട്ടിടങ്ങൾ റിപ്പയർ ചെയ്യുന്നതിനുമായി നൽകിയ പ്രൊപ്പോസൽ സംബന്ധിച്ച വിശദാംശം നൽകുമോ ; | (എ) സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾക്ക് വിവിധ പദ്ധതികൾ പ്രകാരം കെട്ടിടം നിർമ്മിച്ചുവരുന്നു. അറ്റകുറ്റപ്പണി ആവശ്യമുള്ള അംഗൻവാടി കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണിക്കാവശ്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പ്രോജക്ട് സമർപ്പിച്ച് അനുവദിച്ച് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബലക്ഷയം വന്ന കെട്ടിടങ്ങൾ റിപ്പയർ ചെയ്യുന്നതിന് കേന്ദ്ര സർക്കാർ 2014-15 സാമ്പത്തിക വർഷത്തിൽ APIP പ്രകാരം ഒരു ലക്ഷം വീതം ചെലവഴിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ആയതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) നെന്മാറ നിയമസഭാ മണ്ഡലത്തിലെ ഏതെല്ലാം അംഗൻവാടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ ; | (ബി) നെന്മാറ ഐസിഡിഎസ് പ്രോജക്ടിലുള്ള എലവഞ്ചേരി പഞ്ചായത്തിൽ സ്വന്തമായി സ്ഥലമുള്ള സെന്റർ നമ്പർ 65 അംഗൻവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 2014-15 വർഷത്തിൽ നെന്മാറ ബ്ലോക്ക് പഞ്ചായത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. എലവഞ്ചേരി പഞ്ചായത്തിലെ സെന്റർ നമ്പർ 72 പന്നിക്കൽ അംഗൻവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പാലക്കാട് ജില്ലാ പഞ്ചായത്ത് 2014-15 വർഷത്തെ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. ബലക്ഷയം വന്ന അംഗൻവാടിയായ എലവഞ്ചേരി പഞ്ചായത്തിലെ സെന്റർ നമ്പർ 80 വട്ടേക്കാട് അംഗൻവാടിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പല്ലശ്ശന പഞ്ചായത്തിലെ സെന്റർ നമ്പർ 85 മലയംകുഴി അംഗൻവാടിയ്ക്ക് മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി കെട്ടിടം റിപ്പയർ ചെയ്യുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. |
| (സി) ഈ പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനും, റിപ്പയർ ചെയ്യുന്നതിനും എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ ? | (സി) ഈ പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനും, റിപ്പയർ ചെയ്യുന്നതിനും യാതൊരു തടസ്സവും ഇല്ല. |

സെക്ഷൻ ഓഫീസർ